# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4140 16.05.17 ൽ മറുപടിയ്ക്ക്

### സ്വകാര്യ ബസ്സുകളിലെ അനധികൃത പരിഷ്കാരങ്ങൾ

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സ്വകാര്യ ബസ്സുകളിൽ രാത്രികാലങ്ങളിൽ ബസ്സിന്റെ ബോഡി മുഴുവൻ വിവിധ വർണ്ണങ്ങളിൽ ബൾബുകൾ കത്തിച്ച് കൊണ്ട് ഓടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില വാഹനങ്ങൾ വിവിധയിനം ലൈറ്റുകൾ ഘടിപ്പിച്ചും അവ പ്രവർത്തിപ്പിച്ചും സഞ്ചരിയ്ക്കുന്നതായിട്ടുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇൻഡിക്കേറ്ററും മറ്റ് അത്യാവശ്യം വേണ്ട ലൈറ്റുകൾക്കും പുറമെ ബസ്സിന്റെ ബോഡി മുഴുവൻ എൽ.ഇ.ഡി. ബൾബുകളും വർണ്ണ ബൾബുകളും കത്തിച്ച് കൊണ്ട് ഓടുന്നത് നിയമപരമായി അനുവദനീയമാണോ;അനുവദനീയമല്ലെങ്കിൽ ഇത് പരിശോധിക്കുമോ; | (ബി) | കേന്ദ്ര മോട്ടോർവാഹന ചട്ടങ്ങൾക്ക് വിരുദ്ധമായി വാഹനത്തിൽ ലൈറ്റുകൾ ഉപയോഗിയ്ക്കാൻ പാടില്ലാത്തതാണ്. ഇത്തരം നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ നടപടികൾ സ്വീകരിയ്ക്കാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | തിരക്കേറിയ റൂട്ടുകളിലും ഹൈവേകളിലും ബസ്സുകൾ രാത്രികാലങ്ങളിൽ ഇങ്ങനെ ഓടുമ്പോൾ മറ്റ് വാഹനങ്ങളിലെ ഡ്രൈവർമാരുടെ ശ്രദ്ധ തെറ്റിക്കാൻ അത് ഇടയാക്കും എന്നത് പരിശോധിച്ചിട്ടുണ്ടോ; | (സി) | അമിതമായി പ്രകാശം പരത്തുന്നതും, അനാവശ്യമായതുമായ ലൈറ്റുകളുടെ ഉപയോഗം മറ്റ് റോഡ് ഉപയോക്താക്കൾക്ക് ബുദ്ധിമുട്ട് സൃഷ്ടിയ്ക്കുന്നതിനാൽ ഇത്തരം ദുരുപയോഗങ്ങൾക്കെതിരെ നടപടികൾ സ്വീകരിയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | സ്വകാര്യ ബസ്സുകളിൽ ഫസ്റ്റ് എയ്ഡ് ബോക്സ് പോലുള്ള കാര്യങ്ങളിൽ വേണ്ട കാര്യങ്ങൾ ചെയ്യാതിരിക്കുകയും ഇത്തരം പൊങ്ങച്ചങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്യുന്ന പ്രവണത കൂടുതലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | പൊതുജനങ്ങളുടെയും പ്രത്യേകിച്ച് മറ്റ് യാത്രികരുടെയും ശ്രദ്ധ പിടിച്ചുപറ്റാനായിട്ടാണ് ഇത്തരം പൊങ്ങച്ചങ്ങൾ പ്രദർശിപ്പിയ്ക്കുന്നതെന്ന് മനസ്സിലാക്കിയിട്ടുണ്ട്. |
| (ഇ) | സ്വകാര്യ ബസ്സുകളിൽ യാത്രക്കാർക്ക് മിനിമം സുരക്ഷ ഉറപ്പ് വരുത്തുന്നതിന് മതിയായ ഇടപെടലുകൾ നടത്തുമോ; | (ഇ) | കേരള മോട്ടോർവാഹന ചട്ടം ചാപ്റ്റർ ഏഴ് അനുശാസിക്കുന്ന രീതിയിൽ നിർമ്മിച്ചിട്ടുള്ള വാഹനങ്ങൾ മാത്രമാണ് മോട്ടോർ വാഹന വകുപ്പ് രജിസ്റ്റർ ചെയ്ത് നൽകുന്നത്. തുടർ പരിശോധനകളിലൂടെ ക്രമ വിരുദ്ധമായ നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. |
| എഫ്) | ചില ബസ്സുകളിൽ ബോഡി പെയിന്റിംഗിൽ കാണുന്ന സമൂഹത്തിന്റെ മൂല്യങ്ങൾക്ക് നിരക്കാത്ത ചിത്രങ്ങൾ, പെയിന്റുകൾ എന്നിവ ഒഴിവാക്കുന്നതിന് ഓട്ടോറിക്ഷകൾക്ക് ഉള്ളത് പോലെ സ്വകാര്യ ബസ്സുകളിൽ സ്റ്റാൻഡേർഡ് പെയിന്റ് കോഡ് നടപ്പിലാക്കാൻ കഴിയുമോ എന്ന സാധ്യത പരിശോധിക്കുമോ? | (എഫ്) | സ്വകാര്യ ബസ്സുകളിൽ സ്റ്റാൻഡേർഡ് പെയിന്റ് കോഡ് നടപ്പിലാക്കുന്ന വിഷയം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ